## പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (ഭരണവിഭാഗം, തിരുവനന്തപുരം)

### നടപടിക്രമം

വിഷയം:- ജീവനക്കാര്യം - പൊ.മ.വ - മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ.ബി.വിശ്വംഭരനെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

സൂചന:- 1. 07/11/2012 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. 30/05/2015 ലെ കത്ത് നമ്പർ AB3/73/14
3. നോട്ടീസ് നമ്പർ **എസ്.സി4/11249/15** തീയതി 18/07/2015
4. കത്ത് നമ്പർ BSP/E/PWD/15 തീയതി 08/10/2015

**ഉത്തരവ് നമ്പർ എസ്.സി4/11249/15 തീയതി 30/10/2015**

സൂചന (2) ലെ നിവേദനത്തിലൂടെ പൊതുമരാമത്തുവകുപ്പ് ബിൽഡിംഗ്സ് സെക്ഷൻ, പാറശ്ശാലയിലെ മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ.ബി.വിശ്വംഭരൻ, ടിയാനെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ അപേക്ഷിച്ചിട്ടുണ്ട്.

ടി സേവനവിവരങ്ങൾ പരിശോധിച്ചതിൻപ്രകാരം, ടിയാൾക്ക് കേരളാപബ്ലിക് സർവ്വീസ് കമ്മീഷന്റെ 31/03/2003 ലെ നിയമനനിർദ്ദേശ നമ്പർ RIA/25525/01/GW ൽ ഉൾപ്പെട്ടിട്ടുള്ളതും, ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 10/06/2003 ലെ നിയമന ഉത്തരവ് നമ്പർ EB5/18050/2003 പ്രകാരം നിയമനം ലഭിച്ചിട്ടുള്ളതും, ടിയാൻ 03/07/2003 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ടിയാനെ സൂചന (1) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 371(എ) എന്ന് റാങ്ക് നിശ്ചയിച്ച് ഉൾപ്പെടുത്താൻ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം സൂചന 3 ലെ നോട്ടീസിലൂടെ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, പരാതിയോ, ആക്ഷേപമോ ഉള്ള ജീവനക്കാർക്ക് ആയത് സമർപ്പിക്കാൻ രണ്ടാഴ്ച സമയം അനുവദിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ സമയബന്ധിതമായോ നാളിതുവരെയോ യാതൊരുവിധ പരാതികളും ലഭിച്ചിട്ടില്ലാത്തതിനാൽ മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ.ബി.വിശ്വംഭരനെ 01/04/1990 മുതൽ 31/12/2007 വരെയുള്ള മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 371(എ) എന്ന് റാങ്ക്നിശ്ചയിച്ച് ഉൾപ്പെടുത്താനുള്ള തീരുമാനം ഇതിനാൽ അന്തിമമായി കൈക്കൊള്ളുന്നു.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | പി.എസ്സ്.സി അഡ്വൈസ്/നിയമന ഉത്തരവ് | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|
| 371(എ) | ബി.വിശ്വംഭരൻ | 18/05/1967 | SSLC, KGCE Civil | RIA(3)/25525/01/GW dated 31/03/2003 | 03/07/2003 |

ഒപ്പ്/-
ചീഫ് എഞ്ചിനീയർ
ഭരണവിഭാഗം

സ്വീകർത്താവ്
മേലധികാരി മുഖേന വ്യക്തിക്ക്

പകർപ്പ്
ഐറ്റി.സെൽ/ ഇബി4(എ) സെക്ഷൻ/സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(പി.എഫ്)

SR